ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ, മാൽദീവ്സ് സന്ദർശനത്തിന് ഇന്ന് തുടക്കം.

   Prime Minister Narendra Modi will embark on a 4-day official visit to the United Kingdom and the Maldives today.

2) വർഷകാല സമ്മേളനത്തിൻറെ മൂന്നാം ദിവസവും പ്രക്ഷുബ്ദമായി പാർലമെൻറ്. സഭാനടപടികൾ രണ്ട് മണിവരെ നിർത്തിവച്ചു.

   Lok Sabha and Rajya Sabha have been adjourned till 2:00 PM amid sloganeering by the opposition members over various issues.

3) അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന് അന്തിമോപചാരം അർപ്പിച്ച് ജനലക്ഷങ്ങൾ. മൃതദേഹം പുന്നപ്രയിലെ വസതിയിലെത്തിച്ചു.

   Kerala pays tribute to former Chief Minister and veteran communist leader V.S Achuthanandan. Funeral procession reached his Alappuzha residence.

4) ഇന്ത്യയുടെ പ്രക്ഷേപണ യാത്രയുടെ ദീർഘചരിത്രം ഓർമപ്പെടുത്തി ഇന്ന് ദേശീയ പ്രക്ഷേപണ ദിനം.

   National Broadcasting Day is being observed across the country today to highlight the pivotal role of broadcasting in India's development, educational outreach, and cultural preservation.

5) പാകിസ്ഥാൻ വിമാനങ്ങൾ ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിനുള്ള വിലക്ക് അടുത്തമാസം 23 വരെ നീട്ടി കേന്ദ്ര സർക്കാർ.

India extends ban on Pakistani aircraft from entering its airspace till August 23.

6) ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ.

The fourth cricket match in India-England Test series will be played in Manchester today.

*********************

## PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ, മാൽദീവ്സ് സന്ദർശനത്തിന് ഇന്ന് തുടക്കം. സന്ദർശനത്തിൻറെ ആദ്യ പാദത്തിൽ യു.കെ-യിലെത്തുന്ന ശ്രീ മോദി യു കെ പ്രധാനമന്ത്രി കെയർ സ്റ്റാർമറുമായും, ബ്രിട്ടീഷ് രാജാവ് ചാൾസ് മൂന്നാമനുമായും കൂടിക്കാഴ്ച നടത്തും. ഇന്ത്യ-യുകെ ഉഭയകക്ഷി ബന്ധം സംബന്ധിച്ച നിർണായക ചർച്ചകളും സന്ദർശനത്തിൻറെ ഭാഗമായി നടക്കും. ഇരു രാജ്യങ്ങളിലേയും വ്യാപാര സമൂഹവുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

രണ്ട് ദിവസത്തെ യുകെ പര്യടനം പൂർത്തിയാക്കി പ്രധാനമന്ത്രി മറ്റന്നാൾ മാൽദീവ്സിലെത്തും. മാൽദീവ്സ് പ്രസിഡൻറ് മുഹമ്മദ് മുയിസുവിൻറെ ക്ഷണ പ്രകാരമാണ് സന്ദർശനം. 26 ന് നടക്കുന്ന മാൽദീവ്സ് 60-ാം സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ പ്രധാനമന്ത്രി വിശിഷ്ടാതിഥിയായി പങ്കെടുക്കും. അയൽരാജ്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്ന ഇന്ത്യയുടെ നയങ്ങൾക്ക് പ്രധാനമന്ത്രിയുടെ മാൽദീവ്സ് സന്ദർശനം കരുത്ത് പകരും.

*********************

## LS - RS - ADJOURN (INTRO)

വർഷകാല സമ്മേളനത്തിൻറെ മൂന്നാം ദിനമായ ഇന്നും, പാർലമെൻറിൻറെ ഇരു സഭകളും പ്രക്ഷുബ്ധം. വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ പ്രതിഷേധം

രൂക്ഷമായതോടെ ഇരുസഭകളും ഉച്ചക്ക് രണ്ടു മണി വരെ നിർത്തി വച്ചു. രാവിലെ 11 മണിക്ക് ലോക്സഭാ സമ്മേളനം ആരംഭിച്ചപ്പോൾ തന്നെ, ബിഹാറിലെ വോട്ടർപട്ടിക പരിഷ്കരണവും മറ്റ് വിഷയങ്ങളും ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിച്ചു. പ്രതിഷേധം ശക്തമായതോടെ, സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കണമെന്നും, ജനങ്ങളുടെ പ്രശ്നങ്ങൾ ഉന്നയിക്കാനാണ് പ്രതിനിധികളെ പാർലമെൻറിലേക്ക് അയച്ചതെന്ന് ഓർക്കണമെന്നും ലോക്സഭാ സ്പീക്കർ ഓം ബിർല പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

ബഹളത്തിനിടെ, ബിഹാറിലെ റെയിൽവേ പദ്ധതികളുമായി ബന്ധപ്പെട്ട ചോദ്യത്തിന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് മറുപടി നൽകി. രാജ്യസഭയിലും സമാനമായ സാഹചര്യമാണുണ്ടായത്. പ്രതിപക്ഷ അംഗങ്ങൾക്ക് പ്രശ്നങ്ങൾ ഉന്നയിക്കാൻ ശൂന്യ വേള അനുവദിക്കാമെന്ന് ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് അറിയിച്ചെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്നതിനാൽ സഭ നിർത്തിവക്കുകയായിരുന്നു.

*********************

## V. S. Achuthanandan ( intro)

അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് വിട നൽകാൻ കേരളം. വിഎസിൻറെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ആലപ്പുഴ വലിയ ചുടുകാട്ടിൽ ഇന്ന് വൈകുന്നേരം നടക്കും. വി എസിൻറെ വസതിയായ പുന്നപ്ര വേലിക്കകത്ത് വീട്ടിൽ അൽപസമയം മുൻപ് എത്തിച്ച മൃതദേഹത്തിൽ അന്ത്യാദരം അർപ്പിക്കാനായി ജനസാഗരമാണ് എത്തിച്ചേർന്നിരിക്കുന്നത്. പ്രിയനേതാവിനെ ഒരുനോക്കു കാണാൻ എല്ലാവർക്കും അവസരം ഒരുക്കേണ്ടതിനാൽ, സംസ്കാര ക്രമീകരണങ്ങളിൽ ചെറിയ രീതിയിലുള്ള സമയമാറ്റം ഉണ്ടായേക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി ആർ.രവികുമാർ....***

*(വോയിസ്)*

*********************

## INDIA AIRSPACE-PAK

പാകിസ്ഥാൻ വിമാനങ്ങൾ ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിനുള്ള വിലക്ക് അടുത്തമാസം 23 വരെ നീട്ടിയതായി കേന്ദ്ര വ്യോമയാന സഹമന്ത്രി മുരളീധർ മൊഹോൾ. നിലവിലെ സുരക്ഷാ മാനദണ്ഡങ്ങൾക്ക് അനുസൃതമാണ് തീരുമാനം. ഇന്ത്യൻ വിമാനങ്ങൾ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിനുള്ള വിലക്ക് പാകിസ്ഥാൻ അടുത്തമാസം 24 വരെ നീട്ടിയിരുന്നു.

********************

## PM -TN VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 27, 28 തീയതികളിൽ തമിഴ്നാട് സന്ദർശിക്കും. രാജേന്ദ്ര ചോളൻ ഒന്നാമൻറെ ഗംഗാ ആക്രമണം 1000 വർഷങ്ങൾ പൂർത്തിയാക്കുന്നതിൻറെ ആഘോഷപരിപാടിയിൽ ശ്രീ മോദി 27 ന് പങ്കെടുക്കും. അരിയല്ലൂർ ജില്ലയിലെ ഗംഗൈകൊണ്ട ചോളപുരത്താണ് പരിപാടി. തമിഴ്നാട് സർക്കാർ രാജേന്ദ്ര ചോളൻ ഒന്നാമൻറെ ജന്മവാർഷിക ദിനവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന പരിപാടി ഇന്ന് മുതൽ ബൃഹദീശ്വര ക്ഷേത്രത്തിൽ നടക്കും. തൂത്തുക്കുടിയിൽ നവീകരണം പൂർത്തിയാക്കിയ വിമാനത്താവളത്തിൻറെ ഉദ്ഘാടനം 28-ന് പ്രധാനമന്ത്രി നിർവഹിക്കും. 1992-ൽ നിർമ്മിച്ച വിമാനത്താവളം 381 കോടി രൂപ ചെലവിലാണ് നവീകരിച്ചത്.

********************

## VAISHNAW - RAILWAY

കഴിഞ്ഞ 11 വർഷത്തിനിടെ ബിഹാറിലെ റെയിൽവേ പദ്ധതികൾക്കുള്ള ബജറ്റ് വിഹിതം ഒൻപത് മടങ്ങ് വർദ്ധിപ്പിച്ചതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ബിഹാറിൽ റെയിൽവേയ്ക്കുള്ള വാർഷിക ബജറ്റ് പതിനായിരം കോടി രൂപയായി വർധിപ്പിച്ചെന്നും അദ്ദേഹം ലോക്സഭയിൽ ചോദ്യത്തിന് മറുപടിയായി പറഞ്ഞു.

********************

## PRASARBHARATHI CEO (INTRO)

ഇന്ന് ദേശീയ പ്രക്ഷേപണ ദിനം. ഇന്ത്യയുടെ റേഡിയോ പ്രക്ഷേപണ യാത്രയിൽ സുപ്രധാന അധ്യായം കുറിച്ച്, 1927 ജൂലൈ 23 ന് ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനി സ്ഥാപിതമായതിൻറെ സ്മരണയിലാണ് ഈ ദിനം ദേശീയ പ്രക്ഷേപണ ദിനമായി ആചരിക്കുന്നത്. 1923 ജൂണിൽ
റേഡിയോ ക്ലബ് ഓഫ് ബോംബെയുടെ പ്രക്ഷേപണത്തോടെയാണ് ഇന്ത്യയുടെ പ്രക്ഷേപണ യാത്ര ആരംഭിക്കുന്നത്. 1930-ൽ ബ്രിട്ടീഷ് സർക്കാർ റേഡിയോ പ്രക്ഷേപണം ഏറ്റെടുത്ത് ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിംഗ് സർവ്വീസ് ആരംഭിച്ചു. 1936 ജൂൺ 8 നാണ് ഇത് ഓൾ ഇന്ത്യ റേഡിയോ ആയി മാറുന്നത്. ആകാശവാണി എന്ന പേര് സ്വീകരിക്കുന്നത് 1956-ലാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ, ഗ്രാമീണ സാക്ഷരത, ആരോഗ്യ അവബോധം, കാർഷിക പരിജ്ഞാനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ റേഡിയോ സുപ്രധാന പങ്ക് വഹിച്ചു. നവമാധ്യമങ്ങളുടെ ഈ കാലഘട്ടത്തിലും പൊതു സേവന പ്രക്ഷേപണത്തിൻറെ തത്വങ്ങൾ ഉൾക്കൊണ്ട് ആകാശവാണി ശ്രോതാക്കൾക്കൊപ്പം യാത്ര തുടരുന്നു. കഴിഞ്ഞ ഒൻപത് ദശാബ്ദങ്ങളായി ശ്രോതാക്കൾക്ക് വിനോദവും വിജ്ഞാനവും ഒരുപോലെ നൽകാൻ ആകാശവാണിക്കായതായി പ്രസാർഭാരതി സിഇഒ ഗൗരവ് ദ്വിവേദി പറഞ്ഞു.
(ഹോൾഡ് വോയ്സ്......)

*********************

## PM TRIBUTE

ധീരദേശാഭിമാനികളായ ലോകമാന്യ തിലകിൻറെയും ചന്ദ്രശേഖർ ആസാദിൻറെയും ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൻറെ ആവേശം നാടെങ്ങും ജ്വലിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച നേതാവായിരുന്നു ലോകമാന്യ തിലക് എന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ
കുറിച്ചു. സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ

വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ ചന്ദ്രശേഖർ ആസാദിൻറെ ആശയങ്ങൾ യുവതലമുറയ്ക്ക് ഏറെ പ്രചോദനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി *'മൻ കീ ബാത് "* ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും മറ്റന്നാൾ വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

********************

## RATAN THIYAM PASSES AWAY

ലോകപ്രശസ്ത നാടകകൃത്തും സംവിധായകനുമായ രത്തൻ തിയാം അന്തരിച്ചു. 77 വയസ്സായിരുന്നു. മണിപ്പൂർ സ്വദേശിയായ അദ്ദേഹം നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുടെ ചെയർപേഴ്സണായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1987-ൽ സംഗീത നാടക അക്കാദമി അവാർഡും 1989 ൽ പത്മശ്രീയും നൽകി രാജ്യം ആദരിച്ചു.

********************

## INDIA-ENGLAND-TEST

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ ആരംഭിക്കും. ഓൾഡ് ട്രാഫോർഡ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30നാണ് മത്സരം. 5 മത്സരങ്ങളുള്ള പരമ്പരയിൽ നിലവിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

********************

## RAIN-KERALA

കേരളത്തിൽ ശക്തമായ മഴക്ക് സാധ്യത. എട്ടു ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ

ഏഴ് ജില്ലകളിലാണ് മഞ്ഞ ജാഗ്രത. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മറ്റെന്നാൾ വിവിധ ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 25 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*********************

## Karkkadaka Vavu

നാളെ കർക്കടകവാവ്. പിതൃ മോക്ഷം തേടി ആയിരങ്ങൾ നാളെ ബലിതർപ്പണ ചടങ്ങുകളിൽ പങ്കെടുക്കും.

സംസ്ഥാനത്തെ പ്രധാന ബലിതർപ്പണ കേന്ദ്രങ്ങളിൽ ഒരുക്കങ്ങൾ പൂർത്തിയായി.

പുലർച്ചെ 2.30 മുതൽ മറ്റെന്നാൾ പുലർച്ചെ 12.42 വരെയാണ് ബലിതർപ്പണ ചടങ്ങുകൾ.

*********************

## US JAPAN PHILIPPINES

ജപ്പാനുമായും, ഫിലിപ്പീൻസുമായും പുതിയ വ്യാപാര കരാർ പ്രഖ്യാപിച്ച് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന ജാപ്പനീസ് ഉൽപ്പന്നങ്ങൾക്ക് 15 ശതമാനം പകര തീരുവ ഏർപ്പെടുത്തുന്നതാണ് കരാർ. ഫിലിപ്പീൻസിന് 19 ശതമാനം തീരുവയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

*********************

## UNSC RESOLUTION-DISPUTES

അന്താരാഷ്ട്ര തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്ന പ്രമേയത്തിന് യുഎൻ രക്ഷാ സമിതിയുടെ അംഗീകാരം. 15-അംഗ സമിതി ഏകകണ്ഠമായാണ് പ്രമേയം പാസ്സാക്കിയത്. യുഎൻ ചാർട്ടർ പ്രകാരമുള്ള തർക്ക പരിഹാര മാർഗ്ഗങ്ങൾ, ഇതിനായി കൈക്കൊള്ളണമെന്ന് ഐക്യരാഷ്ട്രസഭയിൽ അംഗങ്ങളായ രാജ്യങ്ങളോട് പ്രമേയം ആവശ്യപ്പെടുന്നു.

********************

*************

*****